PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FOURTH SESSION—1951

Thursday, *the 27th September, 1951*

VOL. IV] **OFFICIAL REPORT** **[No. 9**

The Assembly met in the Legislative Chamber, Trivandrum, at eleven of the Clock on Thursday, the 27th September 1951 with Mr. Speaker in the Chair.

QUESTIONS AND ANSWERS

N.B.—(The number in brackets represents the number in the list of admitted questions for the day).

Oral Answers

പൊതുമരാമത്തു്

*൨൯൧. (൧) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൦-൫൧ സാമ്പത്തികവർഷത്തിൽ പൊതുമരാമത്തു വകുപ്പിലേയ്ക്കു് എന്തു ചെലവായി എന്നു പറയുമോ;

(ബി) പ്രസ്തുത വർഷം എത്ര പുതിയ റോഡുകൾ ഗവമ്മെൻറു് ഏറെറടുത്തിട്ടുണ്ടെന്നും, അവയതിലേക്ക എന്തു ചെലവു ചെയ്തിട്ടുണ്ടെന്നും പറയുമോ;

(സി) ചിറങ്കാവു-പുത്തൂർ റോഡു നന്നാക്കുന്നവകയ്ക്കു കഴിഞ്ഞവർഷം എന്തു തുക ചെലവായി എന്നു പറയുമോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള): (എ) ൧,൯൨,൫൯,൭൯൨ രൂപ.

(ബി) ൨൨ റോഡുകൾ. എന്തു ചെലവായി എന്നുള്ളതിനെപ്പററി വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) ഒന്നും ചെലവായിട്ടില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: ചിറങ്കാവു പുത്തൂർ റോഡിൻെറ അററകുററപ്പണി പെട്ടെന്നു തീർക്കാൻ ദയവുണ്ടാകുമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: കഴിയുന്നതും വേഗത്തിൽ തീർക്കാം.

ശ്രീ. കണ്ണാററ ഗോപാലപ്പണിക്കർ. ഈ റോഡിനെ സംബന്ധിച്ചിടത്തോളം ഇതുവരെ ഗവമ്മെൻറിൽനിന്നും യാതൊന്നും ചിലവായിട്ടില്ലെന്നാണോ പറയുന്നതു്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: നിശ്ചയമായി ഒന്നും പറയാൻ നിവൃത്തിയില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ. ഈ മാതിരിയുള്ള റോഡുകൾ നന്നാക്കാതിരിക്കെ പറവൂർ മി. ടി. കെ. നാരായണപിള്ളയുടെ വീട്ടിനടുത്തുകൂടി ഒരു പുതിയ റോഡു വെട്ടിയിട്ടുണ്ടെന്നറിയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അദ്ദേഹത്തിന്റെ വീടു എനിക്കറിഞ്ഞുകൂടാ. ഒരു താലൂക്കിൽ ഒരു മന്ത്രിയുടെ വീടു ഉണ്ടെന്നു വിചാരിച്ചു ആ താലൂക്കിൽ ഒരു റോഡു വെട്ടിക്കൂടാ എന്നില്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഞാൻ പറഞ്ഞ റോഡുകൊണ്ടു മററാക്കും ഉപകാരമില്ലെന്നുള്ളതു മനസ്സിലാക്കിയിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള. അങ്ങിനെ മനസ്സിലാക്കേണ്ടിവരികയില്ല.

പുതിയ ബസ്സ് സർവ്വീസ്

*൨൬൨ (൨) ശ്രീ. പി. കെ. കുഞ്ഞൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പ്രൈവററു കമ്പനികൾക്കു പുതിയ ബസ്സ് സർവ്വീസ് അനുവദിക്കുമ്പോൾ റോഡിന്റെ സംരക്ഷണം സംബന്ധിച്ചു വല്ല വ്യവസ്ഥയും അംഗീകരിക്കാറുണ്ടോ;

(ബി) തിരുവിതാംകൂറിലെ എതെങ്കിലും ബസ്സ് സർവ്വീസുകാരുമായി റോഡിന്റെ മെയിൻറനൻസ് ജോലി സംബന്ധിച്ചു വല്ല വ്യവസ്ഥയും എപ്പോഴെങ്കിലും ഉണ്ടായിട്ടുള്ളതായി ഗവമ്മെണ്ടിനറിയാമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ). (എ) ഇല്ല.

(ബി) ഉണ്ടു്. ചില റൂറൽ റോഡുകളുടെ മെയിൻറനൻസു് സംബന്ധിച്ചു ആ റൂട്ടിലുള്ള ബസ് കമ്പനിക്കു കാൺട്രാക്ററു കൊടുത്തിട്ടുണ്ടു്.

ശ്രീ. എൻ. പി. വർഗീസ് എതെങ്കിലും ബസ് കമ്പനികൾക്കു റൂട്ടു അനുവദിക്കുമ്പോൾ പൊതുമരാമത്തു ഉദ്യോഗസ്ഥന്മാരോടു ആലോചിക്കുന്നുണ്ടോ?

ശ്രീ. സി. കേശവൻ. ആലോചിക്കുന്നുണ്ടു്.

CULTIVATION

***263.** [3] **Sri. D. Gnanasigamoni:** Will the hon. Minister for Food be pleased to state.—

(*a*) whether extensive cultivation has to any extent resulted in an increased production of paddy; and

(*b*) if so, how much?

Minister for Finance and Food **(Sri. K. M. Korah):**

(*a*) Yes.

(*b*) There has been an appreciable increase. Actual figures are being collected.

Sri. D. Gnanasigamoni: What according to the Government will be the period within which we can reach our goal of self-sufficiency?

Sri. K. M. Korah: I do not think that we will be able to reach the goal of self-sufficiency.

സ്കൂൾ

*൨൬൪ (൪) ശ്രീ. കുഞ്ഞൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ—

(എ) ചേർത്തല വടക്കു പകുതിയിൽ പനിയാവീട്ടിൽ ഭാഗത്തുണ്ടായിരുന്ന പ്രൈമറിസ്കൂൾ കേടു സംഭവിച്ചു കാററത്തു വീണുപോയിട്ടു് എത്ര കൊല്ലമായി?

(ബി) അവിടെ വേറെ കെട്ടിടം ഉണ്ടാക്കാതിരിക്കുന്നതെന്തുകൊണ്ടാണ്?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി): (എ) ൩ കൊല്ലമായി.

(ബി) വേറെ കെട്ടിടം ഉണ്ടാക്കാൻ വേണ്ട നടപടി നടത്തിവരുന്നു.

ശ്രീ. കെ. എ. മാത്യൂ: ഇപ്പോൾ ആ സ്കൂൾ ഇട്ടിരിക്കുന്നത് ഒരു വാടക കെട്ടിടത്തിലല്ലെ?

ശ്രീ. എൽ. എം. പൈലി: അതെ.

ശ്രീ. കെ. എ. മാത്യൂ: കെട്ടിടത്തിന്റെ വാടകയിനത്തിൽ മാസംതോറും ഗവമ്മെന്റിൽനിന്നും എന്തു ചെലവാകുന്നുവെന്നറിയാമൊ?

ശ്രീ. എൽ. എം. പൈലി: അതു ഇപ്പോൾ പറയാൻ നിവർത്തിയില്ല.

ശ്രീ. കെ. എ. മാത്യൂ: കെട്ടിടത്തിനു കേടു സംഭവിച്ചിട്ടു ൩ കൊല്ലമായി എന്നു പറഞ്ഞു. എന്നാൽ അന്നുമുതൽ ഇന്നുവരെ കൊടുത്ത വാടകകൊണ്ട് ഒരു പുതിയ സ്കൂൾ ഉണ്ടാക്കാൻ ശ്രമിക്കാത്തതു എന്തുകൊണ്ടാണ്?

ശ്രീ. എൽ. എം. പൈലി: മററു സൌകര്യപ്രദമായ സ്ഥലം കിട്ടാത്തതുകൊണ്ടാണ്.

ശ്രീ. ജോസഫ് മാത്തൻ: പഴയ സ്ഥലത്തുതന്നെ ഒരു കെട്ടിടം പുതുക്കി പണിയാൻ സാധിക്കുകയില്ലെ?

ശ്രീ. എൽ. എം. പൈലി: ഗവമ്മെന്റു സ്ഥലത്തുതന്നെ കെട്ടിടം വേണമെന്നുള്ള ഉദ്ദേശമുണ്ട്.

ശ്രീ. ജോസഫ് മാത്തൻ: അതു് ഗവമ്മെന്റ് സ്ഥലമാണെന്നു അറിയാമോ?

ശ്രീ. എൽ. എം. പൈലി: അറിഞ്ഞുകൂടാ.

ശ്രീ. കെ. ആർ. ഇലങ്കത്തു്: വാടകയിനത്തിൽ എത്ര രൂപ ചെലവായിട്ടുണ്ടെന്നറിയാമോ?

ശ്രീ. എൽ. എം. പൈലി: അറിഞ്ഞുകൂടാ. നോട്ടീസു വേണം.

നെല്ലെടുപ്പ്.

*൨൩ ൫ (൫) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

ഫൻ൫ ൦–൫ഫ എന്നീ വർഷങ്ങളിൽ തിരുവിതാംകൂർ, കൊച്ചി എന്നീ വിഭാഗങ്ങളിൽനിന്നു യഥാക്രമം എത്ര നെല്ല് എടുക്കുവാൻ സാധിച്ചിട്ടുണ്ട്?

ധനകാര്യവും, ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര): ഫൻ൫ ൦-ൽ തിരുവിതാംകൂർ വിഭാഗത്തുനിന്നും ൧൫, ൦൫, ൧൩ ൨ പറയും കൊച്ചി വിഭാഗത്തു നിന്നും ൭ൻ,൩ൻ,ൻ ൦ ൦ പറയും, ഫൻ൫ ഫ സെപ്റ്റംബർ ഫ-ാംനു- വരെ തിരുവിതാംകൂർ വിഭാഗത്തുനിന്നും ൫ ൦,ൻ ൧,ഫ൩൩ പറയും, കൊച്ചി വിഭാഗത്തുനിന്നും ൩൨, ൪ ൪,൩ ൨ ൨ പറയും നെല്ല് എടുക്കാൻ സാധിച്ചിട്ടുണ്ട്.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ : കൃഷിക്കാരിൽനിന്നും എത്ര, ജന്മികളിൽനിന്നും എത്ര എന്നുള്ളതിലേക്ക വല്ല കണക്കും ഉണ്ടോ?

ശ്രീ. കെ. എം. കോര : കണക്കുണ്ടു്. എന്നാൽ ഇപ്പോഠം വിവരങ്ങഠം കൈവശമില്ല.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ : തിരുവനന്തപുരം ഡിവിഷനിൽനിന്നും എത്രയെടുത്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. കെ. എം. കോര : അതിനു നോട്ടീസുവേണം.

സ്റ്റേററ ട്രാൻസ്പോർട്ടു്

*൨൩൩ (൩) ശ്രീ. അലക്സാണ്ടർ വാകയിൽ : താഴെ പറയുന്ന ചോദ്യങ്ങഠംക്കു് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ടുവകുപ്പു മന്ത്രി സദയം മറുപടി പറയുമോ?

(എ) സ്റ്റേററു് ട്രാൻസ്പോർട്ടു ബസ്സിലെ യാത്ര പ്രതിദിനമെന്നോണം വിഷമകരവും ആപൽക്കരവുമായിട്ടുള്ള സംഗതി ഗവമെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

(ബി) കഴിഞ്ഞ ആറു മാസക്കാലത്തിൽ സ്റ്റേററ ട്രാൻസ്പോർട്ടു ബസ്സുകളിൽ എത്ര അപകടങ്ങഠം ഉണ്ടായിട്ടുണ്ടെന്നും എത്ര യാത്രക്കാർക്കു് അപകടങ്ങഠം ഉണ്ടായിട്ടുണ്ടെന്നും പറയുമോ?

(സി) ഓവർലോഡിംഗ് നിമിത്തം പല യാത്രക്കാർക്കും ദുസ്സഹമായ അസൌകര്യങ്ങഠം ഉള്ളതായി അറിയാമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ) : (എ) ഇല്ല.

(ബി) ൫൧ ആക്സിഡെൻറു് ഉണ്ടായിട്ടുണ്ടു്. അതിൽ ൮ യാത്രക്കാർക്കു അപകടങ്ങഠം ഉണ്ടായിട്ടുണ്ടു്. എന്നാൽ മരിച്ചതു് ൧ പേർ.

(സി) ഓവർലോഡു് നിമിത്തം യാത്രക്കാർക്കു് അസൌകര്യം ഉണ്ടായിട്ടുണ്ടു്. എന്നാൽ അതു ദുസ്സഹമാണൊ എന്നറിഞ്ഞുകൂടാ.

Sri. N. Daniel Jose : Out of those, how many accidents are clearly the result of overloading?

ശ്രീ. സി. കേശവൻ : അതിലേക്കു് വ്യക്തമായ കണക്കില്ല.

ശ്രീ. കണ്ണാററഗോപാലപണിക്കർ : ട്രാൻസ്പോർട്ടു ബസ്സിൽ ആളുകളെ കയററുന്നതും പ്രൈവററബസ്സിൽ ആളുകളെ കയററുന്നതും സംബന്ധിച്ചു് വല്ല വ്യവസ്ഥയുമുണ്ടോ?

ശ്രീ. സി. കേശവൻ : വ്യവസ്ഥയുണ്ടു്. പക്ഷെ അതു് ഓരോ ബസ്സിന്റെയും സ്ഥലസൌകര്യത്തെ അടിസ്ഥാനപ്പെടുത്തിയാണു്.

ശ്രീ. കണ്ണാററ ഗോപാലപ്പണിക്കർ . കഴിഞ്ഞയാണ്ടിൽ പ്രൈവററ ബസ്സുകളിൽനിന്നും എത്ര അപകടങ്ങഠം ഉണ്ടായിട്ടുണ്ടെന്നു പറയാമോ?

ശ്രീ. സി. കേശവൻ : ഇപ്പോഠം പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു് : കഴിഞ്ഞവർഷം മോട്ടാറപകടം സംബന്ധിച്ചു് എത്ര ഡ്രൈവറന്മാരെ കോടതി മുഖാന്തിരം ശിക്ഷിച്ചിട്ടുണ്ടെന്നു് പറയാമോ?

ശ്രീ. സി. കേശവൻ : അതു് ഇപ്പോഠം പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. വി. തേവൻ: ഓവർ ലോഡിംഗ് നിറുത്തലാക്കിയതുകൊണ്ട് (കുറച്ചുമുമ്പ്) യാത്രക്കാർ രണ്ടു മണിക്കൂർ മുതൽ നാലു മണിക്കൂർ വരെ കാത്തിരുന്നു കഷ്ടപ്പെട്ടതായി അറിയാമോ?

ശ്രീ. സി. കേശവൻ: ആവശ്യമുള്ളവർ കഷ്ടപ്പെട്ടിരിക്കും.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: മോണോ പ്ലൈസ് ചെയ്തു റൂട്ടിൽ പ്രൈവറ്റ് സർവ്വീസ് അനുവദിച്ചു കൊടുക്കുന്നില്ലേ?

ശ്രീ. സി. കേശവൻ: ഇല്ല.

പണാപഹരണം

* ൨൬൭. (൭) ശ്രീ. റഫേൽ ജെ. റൊഡ്രീഗ്സ്: ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി അടിയിൽ കുറിക്കുന്ന ചോദ്യങ്ങൾക്കു സദയം മറുപടി നൽകുമോ.—

(എ) ൧൧൨൫-ാമാണ്ടിനു ശേഷം ൯൫൯-ാംനമ്പർ (കൊച്ചി) എടവിലങ്ങ് ഫിഷ് മാർക്കറ്റിംഗ് കോവാപ്പറേറ്റീവ് സൊസൈറ്റിയുടെ പ്രസിഡൻറും ഖജാൻജിയുമായിരുന്നവർ ആരെല്ലാം?

(ബി) ആ സൊസൈറ്റിവക ൫൦൦൦-ൽ പരം രൂപാ അപഹരിച്ചതായി ബഹുമാനപ്പെട്ട മന്ത്രിമാർക്കും, ചീഫ് സെക്രട്ടറിക്കും, സഹകരണസംഘം രജിസ്റ്റ്രാർക്കും പരാതികൾ ലഭിച്ചിട്ടുണ്ടോ;

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ൧൧൨൫, ൧൧൨൬, ൧൧൨൭ ഈ വർഷങ്ങളിൽ പ്രസിഡണ്ടായിരുന്നതു് ഫിഷറി സൂപ്രണ്ട് ശ്രീ. പി. കേശവനാണ്.

൧൧൨൫-ൽ ഖജാൻജി തായാട്ടുപറമ്പിൽ വീരൻ കുഞ്ഞുകമ്പളിക്കൽ കറുപ്പൻ.

൧൧൨൬-ൽ കെ. എ. കറുപ്പൻ.

൧൧൨൭-ൽ കുഞ്ഞുകുട്ടി അടിമവേലായി.

(ബി) ഉണ്ട്. അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. റഫേൽ ജെ. റൊഡ്രീംഗ്സ്: ഈ പരാതി കിട്ടിയിട്ട് എത്ര കാലമായെന്നു പറയാമോ?

ശ്രീ. എൽ. എം. പൈലി: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

അടിസ്ഥാനശമ്പളം

* ൨൬൮. (൮) ശ്രീ. പി. കെ. കുമാരനാചാരി. താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

ഈ സംസ്ഥാനത്തെ ഗവമെൻറുദ്യോഗസ്ഥന്മാരുടെ ഏററവും കുറഞ്ഞ ശമ്പളം എത്രയാണ്?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): സ്ഥിരലാവണമുൾപ്പെടെ സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ഏററവും കുറഞ്ഞ ശമ്പളം ൨൦ രൂപയും ക്ഷാമബത്ത ൨൨ രൂപയും ആകുന്നു. മുഴുവൻ സമയവും ജോലി ചെയ്തുകൊണ്ടിരിക്കുന്ന കണ്ടിൻജൻസി ജീവനക്കാരുടെ ശമ്പളം ൨൦ രൂപയും ക്ഷാമബത്ത ൨൦ രൂപയുമാകുന്നു.

ശ്രീ. കെ. രാമചന്ദ്രൻ: സർക്കാർ ജീവനക്കാരുടെ അടിസ്ഥാന ശമ്പളത്തോതു് ഉയർത്താൻ ഗവമെൻറിനു വല്ല ആലോചനയുമുണ്ടോ?

ശ്രീ. സി. കേശവൻ: ഇപ്പോൾ ഇല്ല.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കുറഞ്ഞ ശമ്പളക്കാർക്ക് ഇപ്പോൾ കിട്ടുന്ന ശമ്പളംകൊണ്ട് ജീവിക്കാൻ മതിയാകാത്തതിനാൽ അവർക്ക് അസംതൃപ്തിയുണ്ടെന്നറിയാമോ?

ശ്രീ. സി. കേശവൻ: അറിഞ്ഞുകൂടാ.

Sri. N. Daniel Jose How does this compare with the neighbouring province of Madras?

Sri. C. Kesavan: It compares very favourably with Madras and Mysore.

ശ്രീ. കെ. എ. മാത്യു: പല കണ്ടിൻജൻസി ജീവനക്കാർക്കും ശമ്പളക്കുടിശിഖ കിട്ടാനുണ്ടെന്നറിയാമോ?

ശ്രീ. സി. കേശവൻ: അങ്ങനെയുണ്ടെങ്കിൽ അതു കൊടുക്കാം.

ശ്രീ. കെ. എ. മാത്യു: കുടിശിഖശമ്പളം കിട്ടാത്തതുകൊണ്ട് ഇപ്പോൾ അവർക്ക് വളരെ കഷ്ടപ്പാടാണെന്നുള്ള വിവരം ഗവൺമെൻറ് അറിയുന്നുണ്ടോ?

ശ്രീ. സി. കേശവൻ: ആ കാര്യം അന്വേഷിച്ചിട്ടില്ല.

ശ്രീ. കെ. എസ്സ്. ജോസഫ്: കടത്തുവള്ളക്കാരുടെ അടിസ്ഥാനശമ്പളം കുടിശിഖയിട്ടിരിക്കുന്നതിനെപ്പററി പരാതിയുള്ളതായി ബഹു: മന്ത്രിയുടെ അറിവിൽ പെട്ടിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഈ കാര്യം ഞാൻ പത്രത്തിൽ വായിക്കാനിടയായി. ചിലപ്പോൾ രണ്ടുമൂന്നു മാസം താമസിച്ചായിരിക്കും കൊടുക്കാൻ സാധിക്കുന്നതു്. എങ്കിലും നിവൃത്തിയുള്ളിടത്തോളം അവരുടെ ശമ്പളം കൊടുക്കാൻ താമസമുണ്ടാകുകയുമില്ല.

ശ്രീ. കെ. എസ്സ്. ജോസഫ്: ക്ഷാമബത്തയും ശമ്പളവുംകൂടി ൪൦ രൂപയിൽ കുറവായിട്ടാണ് അവർക്ക് കൊടുത്തുവരുന്നതെന്നറിയാമോ?

ശ്രീ. സി. കേശവൻ: ഒരു ദിവസത്തിൽ ഉള്ള ജോലിസമയം കുറവായിരുന്നാൽ ശമ്പളവും കുറയും.

ശ്രീ. ഗാസ്പർ ഡി' സിൽവാ: കൂടുതൽ ശമ്പളമുള്ളവർക്ക് കൂടുതൽ ക്ഷാമബത്ത അനുവദിച്ചിരിക്കുന്നു. അപ്പോൾ കുറഞ്ഞ ശമ്പളമുള്ളവർക്ക് ക്ഷാമബത്ത കൂട്ടേണ്ടതല്ലേ?

Sri. C. Kesavan: That is a matter of inference by the hon. Member. He can infer either way.

സ്റ്റഡി ലീവ്

*൨൬൬. (൯) സാഹിബ് ബഹദൂർ ടി. എ. മൈതീൻകുഞ്ഞു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഗവൺമെൻറ സർവ്വീസിലിരിക്കുന്നവർക്ക് ഉന്നതവിദ്യാഭ്യാസത്തിനു പോകുവാൻ അനുവദിച്ചുകൊണ്ടിരുന്ന "സ്റ്റഡിലീവ്" ഏർപ്പാടു പൊതുവെ നിറുത്തലാക്കിട്ടുണ്ടോ; ഉണ്ടെങ്കിൽ നിറുത്തലാക്കുവാൻ കാരണമെന്താണ്?

(ബി) ഏതെങ്കിലും സമുദായങ്ങളെ ഇതിൽനിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം?

Sri. P. Nanoo: Sir, may I point out that this question has already been answered on the floor of this House? I had put the very same question.

Mr. Speaker: Was it answered once?

Chief Minister **(Sri. C. Kesavan)**: Yes.

MOBILE MEDICAL UNITS

***270.** [10] **Sri. K. Ramachandran:** Will the hon. Minister for Public Health be pleased to state.—

(*a*) the number of mobile medical units in the State; and

(*b*) the nature of their operation and how often these are being made use of by rural villages?

Chief Minister **(Sri. C. Kesavan):**

(*a*) Nil.

(*b*) Does not arise in view of the answer to (a).

ശ്രീ. കെ. രാമചന്ദ്രൻ: ഇവിടെയും അത്തരം യൂണിററുകൾ വേണമെന്നു് ഗവമ്മെൻറിനു അഭിപ്രായമുണ്ടോ?

ശ്രീ. സി. കേശവൻ: ഇവിടെയും ഉണ്ടായാൽ കൊള്ളാം. പക്ഷെ അതേപ്പററി ഗവമ്മെൻറ് ആലോചിച്ചിട്ടില്ല.

ശ്രീ. കെ. രാമചന്ദ്രൻ: വിദ്യാഭ്യാസസ്ഥാപനങ്ങളിൽ മെഡിക്കൽ ഇൻസ്പെക്ഷൻ നടക്കുന്നില്ലേ?

ശ്രീ. സി. കേശവൻ: നടക്കുന്നുണ്ടു്. പ്രത്യേകം അതിലേയ്ക്കു് യൂണിററുകൾ ഒന്നും ഏപ്പെടുത്തിയിട്ടില്ല.

BIRTH CONTROL CLINICS

***271.** [11] **Sri. K. Ramachandran**: May I know from the hon. Minister for Public Health.—

(*a*) the number of birth control clinics in the State;

(*b*) the number of V. D. hospitals and clinics in the State; and

(*c*) whether Government have any scheme to systematically educate the people on sexual psychology and sexual hygiene?

Chief Minister **(Sri. C. Kesavan)**:

(*a*) Nil.

(*b*) There are two clinics, one in the Trivandrum General Hospital and the other in the Ernakulam General Hospital.

(*c*) No.

Sri. K. Ramachandran: Will the Government consider the question of establishing a unit for advocating birth control in view of the educational advancement among the masses? Is the Member aware that Travancore is one of the advanced countries in point of education in the whole world?

Sri. C. Kesavan: The fact that Travancore is highly educated than the rest of India is well known. I do not know whether it is one of the highly educated in the whole world. എന്നാൽ ഇവിടുത്തെ പൊതുജനാഭിപ്രായം ഇതിനു വേണ്ടവണ്ണം അനുകൂലമായി വന്നിട്ടില്ലാത്തതുകൊണ്ടു് ഗവമ്മെൻറ് അക്കാര്യത്തെപ്പററി വളരെ ശ്രദ്ധിച്ചിട്ടില്ല.

Sri. N. D. Jose: May I know what is the policy of the Government of India on this question?

Sri. C. Kesavan: I think they have not chalked out any definite policy on this subject.

Sri. N. D. Jose: Is the Minister aware that Mr. Nehru announced recently that a certain sum of money has been allotted for starting one or two clinics for this purpose?

Sri. C. Kesavan: We have also started clinics, one in Trivandrum and the other in Ernakulam.

Sri. N. D. Jose: But that is not for birth control.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇൻഡ്യയിൽ പൊതുവെ ഉണ്ടായിരിക്കുന്ന ഭക്ഷ്യധാന്യക്ഷാമത്തിന്റെ പ്രധാന കാരണം ഇവിടത്തെ ജനസംഖ്യയുടെ വർദ്ധനവാണെന്നും അതുകൊണ്ട് അതിന്റെ പരിഹാരത്തിനുള്ള പ്രധാന മാർഗ്ഗങ്ങളിൽ ഒന്ന് ജനസംഖ്യ നിയന്ത്രിക്കുകയാണെന്നും ശ്രീ. ജവഹരിലാൽ നെഹറു അഭിപ്രായപ്പെട്ടിട്ടുള്ളതായി അറിയാമോ?

ശ്രീ. സി. കേശവൻ: അദ്ദേഹം പലതും അഭിപ്രായപ്പെട്ടിട്ടുണ്ട്. അതെല്ലാം നമ്മൾ അറിയേണ്ടതും പഠിക്കേണ്ടതുമായിരിക്കാം. എന്നാൽ സന്താന നിയന്ത്രണത്തിനുവേണ്ടി ഇൻഡ്യാഗവമ്മെന്റ് ഇതുവരെ യാതൊന്നും ചെയ്തിട്ടില്ല.

SHARK LIVER OIL FACTORY

*272. [12] **Sri. N. D. Jose**: Will the hon. Minister for Industries be pleased to state.—

(*a*) the number of gallons of shark liver oil produced in the Shark Liver Oil Factory per year;

(*b*) the maximum capacity;

(*c*) whether the public demand can be met with the present production; and

(*d*) the steps taken to increase and improve production?

Minister for Industries and Labour **(Sri. P. K. Krishnankutty Menon)**:

(*a*) About 600 gallons.

(*b*) 2,000 gallons with the equipment now available.

(*c*) No.

(*d*) Orders are being placed for new equipment and after its installation, increased production is expected.

Sri. N. D. Jose: What is the maximum amount of oil that is available for being produced with the equipment at hand?

Sri. P. K. Krishnankutty Menon: With the present equipment 2,000 gallons can be produced.

Sri. N. D. Jose: Is the Government aware that more than 6,000 gallons are to be purchased for purification and therefore on the basis of that will Government see that measures are taken for that end?

Sri. P. K. Krishnankutty Menon: Steps have already been taken in that behalf and a portion of the machinery has arrived.

കറപ്പുഴ തോട്

*൨൭൩. (൧൩) ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവല്ലാ താലൂക്കിലുള്ള കറപ്പുഴ തോടിന്റെ പണി പൂർത്തിയാക്കുന്നതിന് എന്തു തുകയുടെ എസ്റ്റിമേററാണ് അനുവദിച്ചിരിക്കുന്നത്;

(ബി) ഡീറെറയിൽഡ് എസ്റ്റിമേററുകൾ തയാറായിട്ടുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

(എ) ൩,൯൨;൭൦൦ രൂപയുടെ എസ്റ്റിമേററ് അനുവദിച്ചിട്ടുണ്ട്.

(ബി) ഡീറെറയിൽഡ് എസ്റ്റിമേററ് തയാറാക്കിവരുന്നു.

ശ്രീ. കെ. എ. മാത്യു : ഇതിന്റെ പണി എന്നു തുടങ്ങും?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : ടെൻഡർ വിളിച്ചിട്ടുണ്ട്. താമസിയാതെതന്നെ തുടങ്ങും.

തകഴി-എടത്വാ റോഡ്

*൨൭൮. (൧൮) ശ്രീ. കെ. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവല്ലാ-അമ്പലപ്പുഴ റോഡ് പൂർത്തിയാക്കുന്നതിനു വേണ്ടി തകഴി-എടത്വാഭാഗം തീർക്കുന്നതിന് സ്ഥലവാസികൾ ഒരുമ്പെട്ടിട്ടുള്ളതു് ഗവൺമെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ;

(ബി) ഇതിനുള്ള ചെലവിൽ എന്തു ഭാഗമാണ് ഗവൺമെൻറ് വഹിക്കാമെന്നേററിട്ടുള്ളതു് ;

(സി) ഈ റോഡ് തീർക്കുന്നതിന് ഗവൺമെൻറ് അമാന്തം കാണിക്കുന്നതു് എന്തുകൊണ്ട്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള) :

(എ) ഉണ്ട്.

(ബി) ഈ പണിയുടെ അടങ്കൽ തുക ൯,൨൬,൦൦൦ രൂപയാണ്. ഈ തുക മുഴുവൻ ഗവൺമെൻറ് വഹിക്കുന്നതാണ്.

(സി) ഈ പണിയുടെ മൺവേലയ്ക്കു് അടങ്കൽ കൊടുത്തിട്ടുള്ള തകഴി-എടത്വാ റോഡ് കമ്മിററിക്കാർ അവർ സമ്മതിച്ചിട്ടുള്ള റേറപ്രകാരം പണി തുടങ്ങുവാൻ ഇഷ്ടപ്പെടുന്നില്ല. അതിനാൽ പണിക്ക് അമാന്തം വന്നിട്ടുണ്ട്.

ശ്രീ. കെ. എ. മാത്യു : അങ്ങനെ ആ സ്ഥലത്തുള്ളവർക്ക് പ്രയാസമുണ്ടെന്നു കാണുന്നപക്ഷം ഗവൺമെൻറുതന്നെ ഈ പണി ഏറെറടുത്തു പൂർത്തിയാക്കുന്നതിനെപ്പററി ആലോചിക്കുമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : അപ്പോൾ വീണ്ടും ടെൻഡർ വിളിക്കേണ്ടിവരും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : തകഴി-എടത്വാ റോഡിന് എന്തു ദൂരമുണ്ട്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : അതെന്റെ സ്നേഹിതനുതന്നെ അറിയാം.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ആ റോഡിന്റെ ഏതെങ്കിലും ഭാഗം ഇതിനുമുമ്പ് തീർന്നിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : അവിടെ ഒരു ഡ്രഡ്ജർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : അറിഞ്ഞുകൂടാ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : തിരുവല്ലാ-അമ്പലപ്പുഴ റോഡിലെ പണി എന്തെങ്കിലും നടന്നിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള : ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. വറുഗീസ് അഗസ്റ്റിൻ : ഇതിലേയ്ക്കു് നിയമിതമായ റോഡ് കമ്മിററി ഈ റോഡിനുവേണ്ടി അനവധി പണം ചെലവുചെയ്തു എങ്കിലും ആ പണമെല്ലാം ഇപ്പോൾ ഉപയോഗപ്പെടാതെ നഷ്ടപ്പെട്ടിരിക്കുകയാണെന്നുള്ള വിവരം അറിയാമോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അറിവില്ല.

ശ്രീ. വറുഗീസ് അഗസ്റ്റിൻ: ഈ റോഡിന്റെ വർക്കിന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യണമെന്നാവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അറിഞ്ഞുകൂടാ.

VANCHI POOR FUND

Sahib Bahadur V. A. Abdul Aziz: I may be permitted to put this question of Mr. Eapen Arakkal, as he is absent.

Mr. Speaker: Yes.

*275. [15] **Sri. Eapen Arakkal**: **Will the hon. the Chief Minister be pleased to answer the following questions.—

(*a*) what is the amount that stands to the credit of the Vanchi Poor Fund at present; and

(*b*) is it now being utilised for any purpose; if so for what?

Minister for Public Works **(Sri. G. Chandrasekhara Pillai)**:

(*a*) Rs. 22,58,370.

(*b*) Yes; it is being utilised for the noon feeding of poor school children and for the daily morning feeding of the inmates of the Sri Chitra Home and the Ulloor Dharmalayam.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ്: ശ്രീ ചിത്രാ പൂവർ ഹോം ഈ ഫണ്ടുകൊണ്ടാണോ നടത്തുന്നത്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: പൂവർഹോമിലെ കാലത്തുള്ള ആഹാരം ഇതിൽനിന്നും കൊടുക്കുന്നുണ്ട്.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ്: ശ്രീ ചിത്രാ പൂവർ ഹോം ഗവർമ്മെന്റിന്റെ അധീനതയിലുള്ള ഉദ്യോഗസ്ഥന്മാരെക്കൊണ്ടാണോ നടത്തുന്നത്?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: അല്ല. അതിലേയ്ക്കു പ്രത്യേകം ഒരു കമ്മററിയുണ്ട്.

സാഹിബ് ബഹദൂർ വി. എ. അബ്ദുൾ അസീസ്: ആ കമ്മററിയിൽ ഗവർമ്മെന്റിനു വിധേയമായി പ്രവർത്തിക്കുന്ന ആരെങ്കിലും ഉണ്ടോ?

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: ഗവർമ്മെന്റ ഉദ്യോഗസ്ഥന്മാരും കാണേയ്ക്കും.

ഇരുമ്പും ഉരുക്കും

*൨൭൬. (൧൬) ശ്രീ വി. കെ. വറുഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൺട്രോൾവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഇരുമ്പ്, ഉരുക്ക് ഇവയുടെ ൧൯൫൦-൫൧-ലേക്ക് ഈ സംസ്ഥാനത്തിനുള്ള ക്വോട്ട എത്ര;

(ബി) അതിന്റെ വിതരണം സംബന്ധിച്ചുള്ള ചട്ടങ്ങൾ എന്ത്?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര):

(എ) ൧൯൫൦-ലും ൧൯൫൧-ലെ നാലു ക്വാർട്ടറിലേയ്ക്കും കൂടി ആകെ ൪,൨൭൦ ടൺ അനുവദിച്ചിട്ടുണ്ട്.

(ബി) ഇൻഡ്യാ ഗവർമ്മെന്റിന്റെ അയേൺ ആൻഡ് സ്റ്റീൽ കൺട്രോൾ പ്രൊഡക്ഷൻ ആൻഡ് എക്വിക്യൂഷൻ ഓർഡർ, ൧൯൪൧-ം പ്രകാരമാണ്.

**Put by Sahib Bahadur V. A. Abdul Aziz with the permission of the Chair.

ശ്രീ. വി. കെ. വറുഗീസ്: അനുവദിച്ചിരുന്ന കോട്ടാ ഏതെങ്കിലും പ്രകാരത്തിൽ ലാപ്സായിപ്പോയിട്ടുണ്ടോ ?

ശ്രീ. കെ. എം. കോര: ലാപ്സായിപ്പോയിട്ടില്ല. എന്നാൽ അനുവദിച്ച കോട്ടാ മുഴുവനും നമുക്കു കിട്ടിയിട്ടില്ല.

ശ്രീ. വി. കെ. വറുഗീസ്: അനുവദിച്ച കോട്ടാ മുഴുവനും നമുക്കു ലഭിക്കുവാൻ നിവൃത്തിയില്ലേ ?

ശ്രീ. കെ. എം. കോര: ഗവൺമെൻറ് അതിനുവേണ്ടി കാര്യമായി ശ്രമിക്കുന്നുണ്ട്.

ശ്രീ. വി. കെ. വറുഗീസ്: ഇപ്പോൾ അനുവദിച്ചുവന്നിട്ടുള്ള സാധനങ്ങളിൽ ചിലതു് തുരുമ്പു പിടിച്ചു ഉപയോഗശൂന്യമായി കിടക്കുകയാണെന്ന പരാതി ഉണ്ടായിട്ടുണ്ടോ ?

ശ്രീ. കെ. എം. കോര: അങ്ങനെ പരാതിയുള്ളതായി അറിവില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: വളരെയധികം ആളുകൾ ഇരുമ്പുസാമാനങ്ങൾ കിട്ടാതെ വിഷമിക്കുന്നുവെന്നറിയാമോ ?

ശ്രീ. കെ. എം. കോര: അപേക്ഷകളുടെ ബാഹുല്യംകൊണ്ടു് അറിയാൻ കഴിയും.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ നിലയ്ക്കു് അനുവദിച്ചിട്ടുള്ള കോട്ടാ മുഴുവനും തരുന്നതിനു പുറമെ കൂടുതൽ കോട്ടാ അനുവദിക്കുന്നതിനും കൂടി ഗവൺമെൻറ് വേണ്ട നിവേദനം നടത്തുമോ ?

ശ്രീ. കെ. എം. കോര: നിവേദനം നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഇതിലേയ്ക്കു പ്രത്യേകമായി ശ്രീ. സി. എൻ. ജേക്കബ്ബിനെ ഡൽഹിയിലും കൽക്കട്ടയിലും മററും അയച്ചു നിവേദനം നടത്തിയിട്ടും ഉണ്ട്.

ശ്രീ. വി. കെ. വറുഗീസ്: ഗവൺമെൻറിനു ആവശ്യമായ സാധനങ്ങൾ മാത്രം ഗവൺമെൻറിൻെറ നിയന്ത്രണത്തിൽ വച്ചുകൊണ്ടിരിക്കുകയും ബാക്കിയുള്ളതു പൊതുജനങ്ങൾക്കു വിതരണം ചെയ്യുകയും അരുതോ ?

ശ്രീ. കെ. എം. കോര: ൧൦ ശതമാനം മാത്രമെ ഗവൺമെൻറ് എടുക്കുന്നുള്ളു. ബാക്കിയുള്ളതു പൊതുജനങ്ങൾക്കു കൊടുത്തിരിക്കുകയാണു്.

മാവേലിക്കര ജില്ലാക്കോടതി

*൨൧൧. (ഫൻ) ശ്രീ. വി. കെ. വറുഗീസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ജൂഡീഷ്യൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

൧൯൫൧ ആഗസ്റ്റ് ൩൧-ാംനു-ക്കു് മാവേലിക്കര ജില്ലാക്കോടതിയിലെ അസൽകേസുകളുടെ എണ്ണം, അപ്പീലുകളുടെ എണ്ണം ഇവ എത്ര ?

വ്യവസായവും തൊഴിലും വകുപ്പുമന്ത്രി

(ശ്രീ. പി. കെ. കുഞ്ഞൻകുട്ടിമേനോൻ): ൧൯൫൧ ആഗസ്റ്റ് ൩൧-ാംനു-ക്കു മാവേലിക്കര ജില്ലാക്കോടതിയിലെ ഒന്നാംബഞ്ചിലുള്ള അസ്സൽ കേസുകളുടെ എണ്ണം ൨൩൯. രണ്ടാം ബഞ്ചിലുള്ള അസ്സൽ കേസുകളുടെ എണ്ണം ൧൩൦. അപ്പീൽക്കേസുകളുടെ എണ്ണം ഒന്നാംബഞ്ചിൽ ൧൪൧. രണ്ടാംബഞ്ചിൽ ൩൨൧.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: മാവേലിക്കര കോടതിയിലുള്ള കേസുകളിൽ ഭൂരിപക്ഷവും തിരുവല്ലാ കോടതിയുടെ അധികാരപരിധിയിൽപ്പെട്ടതല്ലേ ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ : അറിയാൻ പാടില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ഇപ്പോഴം മാവേലിക്കര കോടതിയുടെ പടിഞ്ഞാറെ അധികാരാതൃത്തി എവിടംവരെയാണെന്നു പറയുമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ : നോട്ടീസുവേണം.

ESTATE WORKERS' UNION

Sri. E. Gopalakrishna Menon : Sir, I want permission to put the questions of Mr. Pandarathil, as he is absent.

Mr. Speaker : Yes.

*278. [20] **Sri. Neelakantaru Pandarathil** : **Will the hon. Minister for Labour be pleased to state.—

(*a*) whether Government have received a memorandum from the Estate Workers' Union, Nedumangad; and

(*b*) whether Government would ensure adequate living and working conditions for estate workers?

Minister for Industries and Labour **(Sri. P. K. Krishnankutty Menon)**:

(*a*) Yes.

(*b*) Yes.

ശ്രീ. കെ. രാമചന്ദ്രൻ : ഗവമ്മെൻറിനു ലഭിച്ച മെമ്മോറാണ്ടത്തിനു എന്തു തീരുമാനമാണു എടുത്തതെന്നു പറയാമോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ : അതിൽ മിനിമം വേജസ്സിനെപ്പററി തീരുമാനിക്കവാൻ ഒരു കമ്മററിയെ നിയമിച്ചിട്ടുണ്ട്.

ശ്രീ. സി. സി പ്രസാദ് : ആ കമ്മററി ഇപ്പോഴം ഫംക്ഷൻ ചെയ്യുന്നുണ്ടോ?

ശ്രീ. പി. കെ. കൃഷ്ണൻകുട്ടിമേനോൻ : ഫംക്ഷൻ ചെയ്തുവരികയാണ്.

CO-OPERATIVE SOCIETIES

*279]22] **Sri. Neelakantaru Pandarathil:** **Will the hon. Minister for Co-operation be pleased to state:

(*a*) the number of Co-operative Societies registered for coir industry;

(*b*) the scope of these societies;

(*c*) the amount of money advanced to these Societies so far by Government; and

(*d*) The progress made since organising the Societies?

Minister for Education and Revenue **(Sri. L. M. Pylee)**:

(*a*) 23 primary Coir Co-operative Societies.

1. Thodu Vyavsaya Society.

1. Central Coir Marketing Society.

(*b*) The Thondu Vyavasaya Societies will collect and distribute the raw husk to the primary societies and the primaries will ret the husk and distribute it to the members for the production of coir yarn. The coir yarn produced by the members will be collected by the primaries and placed at the disposal of the central Marketing Societies for marketing.

(*c*) Rs. 42,000.

(*d*) The Societies have enlisted so far nearly 5,000 members. They have collected more than Rs. 40,000 as paid up share capital and sold out shares to the face value of more than a lakh of rupees.

**Put by Sri. E. Gopalakrishna Menon with the permission of the Chair.

ശ്രീ. ഇ. ഗോപാലകൃഷ്ണ മേനോൻ: എവിടെയെല്ലാമാണ് ഈ സൊസൈററികൾ രജിസ്റ്റർ ചെയ്തിരിക്കുന്നത്?

ശ്രീ. എൽ. എം. പൈലി: നോട്ടീസുവേണം.

ശ്രീ. കെ. രാമചന്ദ്രൻ: ഈ സൊസൈററികളിൽ ഇപ്പോൾ ശരിയായി പ്രവർത്തനം നടത്തുന്നതായി എത്രയെണ്ണം ഉണ്ട്?

ശ്രീ. എൽ. എം. പൈലി: സ്ഥാപിക്കപ്പെട്ട സൊസൈററികൾ എല്ലാം തന്നെ പ്രവർത്തനം നടത്തുന്നവയാണ്.

ശ്രീ. പി. നാണു: ഈ സൊസൈററികൾ ഓഡിററു ചെയ്യാറുണ്ടോ?

ശ്രീ. എൽ. എം. പൈലി: ഓഡിററു ചെയ്യുവാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്.

ശ്രീ. പി. നാണു: സൊസൈററികളിൽ പണാപഹരണം ഉള്ളതായി അറിവുണ്ടോ?

ശ്രീ. എൽ. എം. പൈലി: ഇല്ല.

ACCEPTANCE OF CHEQUES

***280.** [23] **Sri. Paul Thaliath**: Will the hon. Minister for Finance be pleased to state:

(*a*) the names of the banks in the State approved by the Government whose cheques are accepted by the Sales and Agricultural Income Tax authorities;

(*b*) whether it is a fact that certain restrictions are placed on the acceptance of the cheques of some of the approved banks;

(*c*) if so the names of such banks; and

(*d*) the nature of such restrictions?

Minister for Finance and Food **(Sri. K. M. Korah)**: (*a*) A list * of the banks approved by Government is placed on the table.

(*b*) Cheques drawn on banks which the Imperial Bank of India, Trivandrum will accept, are accepted in payment of Government dues. The Imperial Bank of India, Trivandrum, will accept and clear at par only cheques drawn on banks situated at places where the Imperial Bank of India have branches. Subject to the above, cheques drawn on approved banks are received in payment of Government dues.

(c) & (*d*) do not arise, in view of the answer to part (*b*),

ശ്രീ. പാൾ തളിയത്ത്: ഇംപീരിയൽ ബാങ്കിന്റെ ബ്രാഞ്ചുകൾ ഉള്ളിടത്തുമാത്രം ചെക്കുകൾ പാർവാല്യുവിനു കൊടുക്കുന്നതെന്തുകൊണ്ടാണ്?

ശ്രീ. കെ. എം. കോര. ഇൻഡ്യാഗവമെന്റിന്റെ ട്രഷറി കോഡുപ്രകാരം ഇംപീരിയൽ ബാങ്കിന്റെ ബ്രാഞ്ചുള്ളിടത്തുമാത്രമെ ചെക്കുകൾ പാർവാല്യുവിനു മാററിക്കിട്ടുകയുള്ളു.

ശ്രീ. പാൾ തളിയത്ത്: മററു ബാങ്കുകൾക്ക് ഈ ആനുകൂല്യം കൊടുക്കാത്തതെന്തുകൊണ്ടാണ്?

ശ്രീ. കെ. എം. കോര: ട്രഷറികോഡുപ്രകാരം മററു ബാങ്കുകൾക്ക അതു അനുവദനീയമല്ല.

ശ്രീ. പാൾ തളിയത്ത്: ഈ ന്യൂനത മാററിക്കിട്ടുവാൻ ഗവമെന്റിനെക്കൊണ്ടു സാധിക്കുകയില്ലേ?

---

* Appendix, page 507.

ശ്രീ. കെ. എം. കോര. ഇൻഡ്യാഗവൺമെൻറിൻെറ ട്രഷറി റൂൾസ് നാമും സ്വീകരിച്ചേ തീരൂ. അതുകൊണ്ട് നിവൃത്തിയില്ല.

ശ്രീ. പോൾ തളിയത്ത്: ചില ബാങ്കുകൾക്ക് റിസ്ട്രിക്ഷൻ ഇല്ലാതിരിക്കുന്നതെന്തുകൊണ്ടാണ്?

ശ്രീ. കെ. എം. കോര. റിസ്ട്രിക്ഷൻസ് എല്ലാ ബാങ്കുകൾക്കും ഉണ്ട്.

WAITING SHED AT PARUR

***281.** [24] **Sri. Paul Thaliath**: Will the hon. Minister for Transport be pleased to state.—

(*a*) whether there is any proposal to construct a waiting shed at the Parur bus stand;

(*b*) if so the necessary site has been selected;

(*c*) if so the exact location of the site; and

(*d*) when the work will be undertaken?

Chief Minister **(Sri. C.Kesavan):**

(*a*) Yes.

(*b*) No.

(*c*) & (*d*) Do not arise in view of the answer of part (*b*).

ശ്രീ. പോൾ തളിയത്ത്: ഈ ജോലി എന്നു തുടങ്ങുമെന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. സി. കേശവൻ: എപ്പോൾ തുടങ്ങുമെന്നു പറയുവാൻ നിവൃത്തിയില്ല.

ശ്രീ. പോൾ തളിയത്ത്: ഗവൺമെൻറിൽനിന്നും അതിലേക്കു സ്ഥലം നോക്കിയിട്ടിരിക്കുന്നതായി അറിയാമോ?

ശ്രീ. സി. കേശവൻ: ഗവൺമെൻറിൽനിന്നും സ്ഥലം നേരത്തെ നോക്കിയിട്ടിരിക്കണമെന്നില്ലല്ലോ.

ശ്രീ. പോൾ തളിയത്ത്: ഗവൺമെൻറിൽനിന്നും ഒരു കൊല്ലത്തിനു മുമ്പ് ഈ ആവശ്യത്തിലേക്കു സ്ഥലം നോക്കിയതായി അറിയാമോ?

ശ്രീ. സി. കേശവൻ: അറിവില്ല.

ശ്രീ. ആർ. ഇലങ്കത്ത്: ബസ്സ്സ്റ്റാൻറുകളിൽ വെയിററിംഗ് ഷെഡ്ഡുകൾ ഉണ്ടാക്കുന്നതിലേക്കെന്തെങ്കിലും ഒരു പ്ലാൻ ഗവൺമെൻറിനുണ്ടോ?

ശ്രീ. സി. കേശവൻ: ബസ്റൂട്ടുകളുള്ള സ്ഥലങ്ങളിലെല്ലാം വെയിററിംഗ് ഷെഡ്ഡ് ഉണ്ടാക്കുന്നതാണ്.

ശ്രീ. പോൾതളിയത്ത്: ബസ്റ്റാൻറുകളിൽ വെയിററിംഗ് ഷെഡ്ഡില്ലാത്തതുകൊണ്ട് യാത്രക്കാർക്ക് വളരെ വിഷമമുണ്ടെന്നറിയാമോ?

ശ്രീ. സി. കേശവൻ: അറിയാം.

PROVIDENT FUND

***282.** [25] **Sri. Paul Thaliath:** Will the hon. Minister for Finance be pleased to state.—

(*a*) whether there is any rule fixing the maximum period by which time after retirement, a retired officer's provident fund account should be closed;

(*b*) if so, the maximum period allowed for closing the account;

(c) whether there are officers who have not received their provident fund amount even though the maximum period allowed by the rules has expired; and

(*d*) if so, the names of such officers?

Minister for Finance and Food **(Sri. K. M. Korah):**

(*a*) No maximum period has been fixed but payment is made on receipt of applications in accordance with the rules.

(*b*), (*c*) and (*d*) In view to the answer to part (*a*), (*b*), (*c*) and (d) do not a rise.

ശ്രീ. പാറം തളിയത്തു്: ഒരു പെൻഷൻറ ഉദ്യോഗസ്ഥൻ റിട്ടയർ ചെയ്തതിനുശേഷം അയാളുടെ പ്രാവിഡൻറ് ഫണ്ടു് അക്കൌണ്ടു് ക്ലോസ്സ് ചെയ്തുകൊടുക്കുന്നതിനു് എത്രമാസക്കാലംഎടുക്കും?

ശ്രീ. കെ. എം. കോര: ഒരു ഉദ്യോഗസ്ഥൻ റിട്ടയർചെയ്തുകഴിഞ്ഞാൽ ആ ഉദ്യോഗസ്ഥൻ ഒരു നാൺലയബിലിററി സട്ടിഫിക്കററ് ഹാജരാക്കണമെന്നാണു് ഗവമ്മെൻറ റൂൾ.

ശ്രീ. പാറം തളിയത്തു്: അങ്ങിനെ സട്ടിഫിക്കററ പ്രൊഡ്യൂസുചെയ്തിട്ടും പ്രാവിഡൻറ ഫണ്ടു് അക്കൌണ്ടു് ക്ലോസ്സുചെയ്യാതെ ഇനിയും ഇൻസ്റ്റൻസസ്സ് ഉണ്ടെന്നറിയാമോ?

ശ്രീ. കെ. എം. കോര: അങ്ങിനെ എതെങ്കിലും ഇൻസ്റ്റൻസ്സസ്സ് ഉണ്ടെങ്കിൽ അതിനു ശരിയായ നടപടി സ്വീകരിക്കുന്നതാണു്.

പബ്ലിക്കു് സർവ്വീസ്സ്

*൨൬൩. (൨൦) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേററിനു വെളിയിൽനിന്നു് തിരുവിതാംകൂർ-കൊച്ചി പബ്ലിക്കു് സർവ്വീസിൽ ഉദ്യോഗത്തിനു അപേക്ഷ കിട്ടിയിട്ടുണ്ടോ;

(ബി) ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രപേരെ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) ഉണ്ടു്.

(ബി) ഉണ്ടു്. ൪ പേർ.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഇങ്ങനെ ഗവമ്മെൻറിനു് അപേക്ഷ കിട്ടുന്ന അവസരത്തിൽ തിരുവിതാംകൂർ യൂണിവേഴ്സിററിയിൽനിന്നും പാസ്സാക്കിയിട്ടുള്ളവക്കു് മുൻഗണന കൊടുക്കുന്നുണ്ടോ?

ശ്രീ. സി. കേശവൻ: അങ്ങിനെ പ്രത്യേക പരിഗണന കൊടുക്കാറില്ല, അങ്ങിനെ നിർബ്ബന്ധവുമില്ല.

പിരിച്ചുവിടപ്പെട്ട ഉദ്യോഗസ്ഥന്മാർ

*൨൬൪. (൨൧) ശ്രീ: കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) മുൻ മന്ത്രി സഭയുടെ കാലത്തു് സർവ്വീസിൽനിന്നു പിരിച്ചുവിടപ്പെട്ട ചില ഗവമ്മെൻറുദ്യോഗസ്ഥന്മാരുടെ സർവ്വീസുകളെപ്പററി പുനരാലോചന ചെയ്യണമെന്നു കേന്ദ്രഗവമ്മെൻറിൽനിന്നു തിരുവിതാംകൂർ-കൊച്ചി ഗവമ്മെൻറിനു വല്ല നിർദ്ദേശവും കിട്ടിയിട്ടുണ്ടോ?

(ബി) ആ നിർദ്ദേശമനുസരിച്ചു് ഗവമ്മെൻറു് എതെങ്കിലും പ്രവൎത്തിച്ചിട്ടുണ്ടോ;

(സി) ഏതെല്ലാം ഉദ്യോഗസ്ഥന്മാരുടെ സർവ്വീസിനെപ്പററിയാണു് പുനരാലോചന ചെയ്യണമെന്നു നിർദ്ദേശം കിട്ടിയതെന്നു പറയാമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ): (എ) ഇല്ല.
(ബി) യും (സി) യും) ഉദിക്കുന്നില്ല.

ക്രൈം രജിസ്റ്റർ

*൨൮൫. (൩൨) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ ൧൯൫൧ ആഗസ്റ്റ് അവസാനംവരെ എത്ര ക്രൈം രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇതു ൧൯൫൦-ലെക്കാൾ കൂടുതലാണോ? ആണെങ്കിൽ എത്ര ശതമാനം; കൂടാനുള്ള കാരണം എന്താണ്;

(സി) മദ്യനിരോധനം ഏർപ്പെടുത്തിയ സ്ഥലങ്ങളിൽ അതിനു മുമ്പിലത്തെ കൊല്ലങ്ങളെ അപേക്ഷിച്ച് ക്രൈം കുറഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം;

(ഡി) ൧൯൫൧ ജനവരി-ജൂൺ അവസാനംവരെ തിരുവിതാംകൂർ-കൊച്ചിയിൽ ഉണ്ടായിട്ടുള്ള ക്രിമിനൽ കേസുകളിൽ എത്രകേസ് അല്ലെങ്കിൽ എത്ര ശതമാനം കേസുകൾ മദ്യപാനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ളതാണെന്നു പറയാമോ?

Chief Minister (**Sri. C. Kesavan**): The answer is not ready.

CONTRACTS FOR FABRICATION OF STEEL AND IRON

***286.** [33] **Sri. Philipose Muthalaly**: Will the hon. Minister for Electricity be pleased to state.—

(*a*) the number of contracts for fabrication of steel and iron sections, entered into by the Executive Engineer, Central Division Electrical, Pallom, during the year 1948;

(*b*) number and names of contractors whose amount is Rs. 3,000 and above;

(*c*) the period contracts specified in the agreement in each of the cases under (*b*) above;

(*d*) the time actually taken for each contract under (*b*) and (*c*) above;

(*e*) whether any penalty has been imposed on any or all of the contracts under (*b*) above with reasons if any for discrimination;

(*f*) whether any memorial has been received by Government from any such contractor praying for reviewing the action of Executive Engineer, Pallom, regarding imposition of penalty; and

(*g*) if any received, the date of receipt and the action taken by Government on the same?

Minister for Public Works (**Sri. G. Chandrasekhara Pillai**):

(*a*) Six.

(*b*) Two.

(*c*) (1) Sri. George Thomas—Period of contract specified in the agreement at the time of execution—4 months, i. e., from 25th June 1948 to 25th October 1948. This was extended up to 15th January 1949.

(2) Sri. K. K. Abraham—Period of contract specified in the agreement at the time of execution—4 months, i. e., from 18th Kanni 1124 to 18th Makaram 1124. This was extended up to 14th Chingam 1125/1st September 1949.

(d) (1) Sri. George Thomas completed the work in all respects on 7th June 1949.

(2) Sri. K. K. Abraham completed the work in all respects on 14th Chingam 1125/1st September 1949.

(e) Penalty has been imposed on the contract awarded to Sri. George Thomas and this was done as per the terms and conditions of the agreement. There was no clause in the agreement for imposing penalty on the other contractor. The penalty clause was incorporated in the case of the first contract in view of the extra urgency for these materials at that time.

(f) Yes.

(g) 14th November 1949. The report of the Chief Engineer (Electricity) has been obtained and Government are considering on the basis of the facts furnished by the Chief Engineer (Electricity) whether the penalty imposed on the contractor can be waived or not.

രജിസ്റ്റ്രേഷൻ ഡിപ്പാർട്ടുമെൻറിലെ നിയമനം

* ൨൯൧. (൩൪) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട രജിസ്റ്റ്രേഷൻ ഡിപ്പാർട്ടുമെൻറു വകുപ്പിൻെറ ചാർജ്ജു വഹിക്കുന്ന മന്ത്രി സദയം മറുപടി പറയുമോ.—

(എ) ഗവർമ്മെൻറു ആർഡർ D. Dis. No. 788/49/Home, dated ൨൨—൩—൧൧൨൪-ൽ ഒരാളെ രജിസ്റ്റ്രേഷൻ ഡിപ്പാർട്ടുമെൻറിൽ ക്ലാക്കായി നിയമിക്കുവാൻ സർവ്വീസുകമ്മീഷനു ഗവർമ്മെൻറിൽനിന്നും ആർഡർ കൊടുത്തിട്ടുണ്ടോ;

(ബി) ഈ ആളെ ഇതിനകം നിയമിച്ചോ ഇല്ലെങ്കിൽ നിയമിക്കാതിരിക്കുവാനുള്ള കാരണം എന്തു്;

(സി) ഈ തീയതിക്കുശേഷം (ആർഡറിനുശേഷം) എത്രപേരെ രജിസ്റ്റ്രേഷൻ ഡിപ്പാർട്ടുമെൻറിൽ ക്ലാക്കന്മാരായി നിയമിച്ചിട്ടുണ്ടെന്നു പറയാമോ?

വിദ്യാഭ്യാസവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എൽ. എം. പൈലി):

(എ) ഒരാളെ രജിസ്റ്റ്രേഷൻ ഡിപ്പാർട്ടുമെൻറിൽ ക്ലാക്കായി നിയമിക്കണമെന്നു് പബ്ലിക്കു് സർവ്വീസ്സ് കമ്മീഷനെ അറിയിച്ചിട്ടുണ്ടു്.

(ബി) ഇതുവരെ നിയമിച്ചിട്ടില്ല. ഈ സ്ഥാനാർത്ഥി വി. എസ്സ്. എൽ. സി. മാത്രമേ പാസ്സായിട്ടുള്ളു. ആ സ്ഥിതിക്കു മലയാളം ക്ലാക്കായി നിയമിക്കാനേ നിവൃത്തിയുള്ളു. രജിസ്റ്റ്രേഷൻ ഡിപ്പാർട്ടുമെൻറിൽനിന്നും അഞ്ചു മലയാളം ക്ലാക്കന്മാരുടെ ഒഴിവു് പബ്ലിക്കു സർവ്വീസ് കമ്മീഷനു റെഫർ ചെയ്തിട്ടുണ്ടു്. ൧൫—൫—൧൧൨൪-ലും ൨—൩—൧൧൨൫-ലും ഈ അഞ്ചു് ഒഴിവുകളിലേക്കും റിക്രൂട്ടുമെൻറു നടത്തിയിട്ടുണ്ടു്. ഈ സ്ഥാനാർത്ഥി ൧൨—൫—൧൧൨൪-ലും ൧൪—൧൦—൧൧൨൪-നുമിടക്കു തന്നെ രജിസ്റ്റ്രേഷൻ ഡിപ്പാർട്ടുമെൻറിൽ നിയമിക്കരുതെന്നു് പബ്ലിക്കു സർവ്വീസ് കമ്മീഷനെ അറിയിച്ചിരുന്നു. ൨൧—൩—൧൧൨൫-നുശേഷം മലയാളം ക്ലാക്കന്മാരായി ആരേയും നിയമിച്ചിട്ടില്ല.

(സി) ആറു മലയാളം ക്ലാക്കന്മാരെ നിയമിച്ചിട്ടുണ്ടു്.

ശ്രീ. കെ. ആർ. ഇലങ്കത്തു്: എ-യുടെ വെളിച്ചത്തിൽ ഈ യോഗ്യതയില്ലെന്നറിഞ്ഞതിനു ശേഷമാണോ പബ്ലിക്കു് സർവ്വീസ് കമ്മീഷൻ നിയമിക്കാതിരുന്നതു്?

ശ്രീ. എൽ. എം. പൈലി: ഈ പറഞ്ഞ തീയതികളിൽ തന്നെ നിയമിക്കരുതെന്നു ആ സ്ഥാനാർത്ഥി പബ്ലിക്കു സർവ്വീസ് കമ്മീഷനെ അറിയിച്ചിരുന്നു.

ആ സമയത്താണ് മലയാളം ക്ലാർക്കായി നിയമിക്കുന്നതിന് ആവശ്യം നേരിട്ടതു്.

Sri. P. S. Nataraja Pillai: Was it an order of the Government to the Public Service Commission to recruit that particular candidate ?

Sri. L. M. Pylee: It is not really an order, but the application was forwarded to the Public Service Commission with the recommendations, or rather with the suggestions of the Government.

Sri. P. S. Nataraja Pillai: So, was it a recommendation of this Government that that particular applicant should be recruited to that post ?

Sri. L. M. Pylee: Never, there is no such thing.

Sri. P. S. Nataraja Pillai: Then what does that letter contain ?

Sri. L. M. Pylee. The present Public Service Commission came into being only after this case occurred.

Sri. P. S. Nataraja Pillai. Was it then a request or a recommendation or a direction to the Public Service Commission to recruit that candidate?

Sri. L. M. Pylee. The decision of the Government was to exempt the particular person, owing to the peculiar circumstances of his case. The exemption was given and information was given to the Public Service Commission.

Sri. P. S. Nataraja Pillai: Was it an exemption from the then existing rules ?

Sri. L. M. Pylee: Yes.

Sri. P. S. Nataraja Pillai: Did this letter contain a direction to the Pubilc Service Commission ?

Sri. L. M. Pylee: There was no such direction.

Sri. P. S. Nataraja Pillai: Am I to take it that the statement of the hon. Minister is that that letter did not contain a direction to the Public Service Commission to recruit that man ?

Sri. L. M. Pylee: There was no such direction. That has been repeatedly said.

Sri. P. S. Nataraja Pillai: Will the hon. Minister be pleased to place the letter on the table of the House ?

Sri. L. M. Pylee: There is no notice to place it on the table.

Sri. P. S. Nataraja Pillai: Will the hon. Minister be pleased to it on the table later ?

Sri. L. M. Pylee: It shall be considered.

തോണ്ടറ പാലം

* ൨൮൨. (ന ൭) ശ്രീ. എം. പി. കൃഷ്ണദാസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട പൊതുമരാമത്തു വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

തിരുവല്ലാ—ചെങ്ങന്നൂർ ലൈനിൽ മണിമല ആററിലുള്ള തോണ്ടറ പാലം വളരെ നാളായി അപകടകരമായ നിലയിലാണെന്നുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

പൊതുമരാമത്തു വകുപ്പുമന്ത്രി (ശ്രീ. ജി. ചന്ദ്രശേഖരപിള്ള):

പാലം അപകടകരമായ നിലയിലല്ല. ചില്ലറ അററകുററപ്പണികൾ ഉള്ളതു തീരുന്നതുവരെ ഭാരവണ്ടികൾ അതുവഴി കൊണ്ടുപോകാൻ പാടില്ല.

<u>மின்சார விளக்கு</u>

*289 (36) <u>ஸ்ரீ. எஸ். அம்புரோஸ்:</u> கீழ் குறிப்பிடும் வினாக்களுக்கு கனம் மராமத்து மந்திரி அவர்கள் விடை பகர்வார்களாக :

(ஏ) கன்னியாகுமரியில் மீன்பிடி தொழிலாளர்கள் வசிக்கும் தெருக்களில் மின்சார விளக்குகள் போடுவதற்கு சர்க்கார் ஜாரிசெய்துள்ள தொகை எவ்வளவு ?

(பி) இந்தத் தொகை ஜாரி செய்து எவ்வளவு நாட்கள் ஆகின்றன ?

(ஸி) இவ்வளவு நாட்கள் ஆகியும் மின்சார விளக்குகள் இடுவதற்கு வேண்டிய நடவடிக்கைகள் எடுக்காதிருப்பதின் காரணம் என்ன ?

(டி) கன்னியாகுமரியிலுள்ள இதர தெருக்களிலும் மின்சார விளக்குகள் இடுவதற்கு பொது ஜனங்களிடமிருந்து மனுவோ, அல்லது மனுக்களோ வந்ததுண்டா ?

(இ) வந்ததுண்டானால் அவை பற்றி சர்க்கார் என்ன நடபடிக்கை எடுத்திருக்கிறது ?

Minister for Public Works **(Sri. G. Chandrasekhara Pillai):**
I shall read an English translation of the question, and the answer.

Sri. A. Ambrose: Will the hon. Public Works Minister be pleased to answer the following questions.—

(*a*) how much amount has been allotted by Government for the installation of electric lights in the street where fishermen reside at Cape Comorin ;

(*b*) how long is it since the allotment was made ;

(*c*) what is the reason for not taking the necessary action for the installation of electric lights even after such a long time?

(*d*) have petition or petitions been received from the public of Cape Comorin for the installation of electric lights in other streets there ;

(*e*) if so, what action has been taken by Government in the matter?

ANSWER

(*a*) An amount of Rs. 4,990 has been sanctioned for installation of street lights on the road leading to fishermen's quarters at Cape.

(*b*) The estimate for the work has been sanctioned in June 1951.

(*c*) The lights were not installed due to non-availability of sufficient materials. Steps are being taken to expedite the execution of this work.

(*d*) Yes.

(*e*) The necessary estimates are being prepared by the Department.

<u>ஸ்ரீ. எஸ். அம்புரோஸ்:</u> அது தயாராக எவ்வளவு காலமாகும்? உங்கள் காலத்திலாவது நடக்குமா?

<u>ஸ்ரீ. ஜி. சந்திரசேகர பிள்ளை:</u> எஸ்டிமேட் தயாராய்கொண்டிருக்கிறது.

<u>தண்ணீர் வசதி</u>

*290 (37). <u>ஸ்ரீ. எஸ். அம்புரோஸ் :</u> கீழ் குறிப்பிடும் வினாக்களுக்கு கனம் மராமத்து மந்திரி அவர்கள் விடை பகர்வார்களாக :

(ஏ) கன்னியாகுமரியில் வாழும் மக்களும், அங்கு தீர்த்தமாடுவதற்காகவும், சுகவாசத்திற்காகவும், வெளியிடத்திலிருந்து வரும் ஜனங்களும் தண்ணீர் வசதி இல்லாத காரணத்தால் பெரும் அவதிப்பட்டுக் கொண்டிருப்பது சர்க்காருக்குத் தெரியப்படுத்தியிருப்பதுண்டா ?

(பி) கன்னியாகுமரிக்கு தண்ணீர் சப்ளை செய்ய சர்க்கார் பட்ஜெட்டில் எவ்வளவு தொகை ஒதுக்கியிருக்கிறார்கள்?

(ஸி) இந்தத் தொகையை உபயோகித்து என் இன்னும் குழாய் தண்ணீர் சப்ளை வசதி செய்யவில்லை?

